(ബി) വ്യവസായ തൊഴിൽ പ്രശ്നങ്ങൾ ചർച്ച ചെയ്തു പരിഹാരമുണ്ടാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇതിനുവേണ്ടി എന്തെല്ലാം നടപടികളെടുത്തുവെന്ന് വ്യക്തമാക്കാമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) മാവൂർ റയോൺസ് അടച്ചുപൂട്ടൽ ഭീഷണി നേരിടുകയാണ്. ചെറുകിട വ്യവസായങ്ങളെ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി&സി) ഉണ്ട്. സംസ്ഥാനത്തെ ഏതെങ്കിലും സ്ഥാപനങ്ങളിൽ തൊഴിൽ പ്രശ്നങ്ങൾ ഉള്ളതായി അറിഞ്ഞാൽ തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥർ 1947-ലെ തൊഴിൽ തർക്കത്തിലെ വ്യവസ്ഥകൾക്കു വിധേയമായി അനുരഞ്ജന നടപടികൾ സ്വീകരിച്ച് പ്രശ്നങ്ങൾ ഒത്തുതീർപ്പാക്കാൻ ശ്രമിക്കുന്നു. തർക്ക വിഷയം ടി നിയമത്തിലെ 12 (3) വകുപ്പ് പ്രകാരം രമ്യതയിലെത്തിക്കാൻ കഴിഞ്ഞില്ലായെങ്കിൽ ജില്ലാ ലേബർ ഓഫീസർ, റീജിയണൽ ജോയിന്റ് ലേബർ കമ്മീഷൻ എന്നിവർ ടി നിയമത്തിലെ 12 (4) വകുപ്പ് പ്രകാരം നൽകുന്ന പരാജയ റിപ്പോർട്ട് ലേബർ കമ്മീഷണർ മുഖേന കോടതിയുടെ തീരുമാനത്തിനായി വ്യവസായ തർക്ക നിയമത്തിലെ സബ് സെക്ഷൻ 10 (1) സി/ഡി എന്നീ വകുപ്പുകൾ പ്രകാരം സർക്കാരിലേയ്ക്ക് ശുപാർശ ചെയ്തു പോരുന്നു.

വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് എഞ്ചിനീയറിംഗ് കോളേജുകൾ

17 (*425) ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം ഉണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ബി) ഉണ്ടെങ്കിൽ അത് സംബന്ധിച്ച് എന്തെങ്കിലും നടപടി ആരംഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ;

(സി) സംസ്ഥാനത്തെ പീഡിത വ്യവസായശാലകളോട് ചേർന്ന് എഞ്ചിനീയറിംഗ് കോളേജുകൾ തുടങ്ങുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഉണ്ട്.

(ബി) നടപടി ആരംഭിച്ചിട്ടില്ല.

(സി) പുനരുദ്ധാരണ നടപടികളുടെ ഭാഗമായും ശേഷിയുള്ള പൊതുമേഖലാ വ്യവസായങ്ങളുമായി ചേർന്ന് എഞ്ചിനീയറിംഗ് കോളേജുകൾ തുടങ്ങാനാണ് പരിഗണനയിലുള്ള നിർദ്ദേശം.

LIBRARY ARCHIVES Kerala Legislative Assembly